പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിലെ പ്രകൃതിമനോഹരമായ ഗ്രാമങ്ങളിൽ വിനോദ സഞ്ചാരത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വലിയ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി മുസിരീസ് പൈതൃക പദ്ധതി, ആലപ്പുഴ മെഗാ ടൂറിസം പദ്ധതി, സ്പൈസ് റൂട്ട് പദ്ധതി, ഗ്രീൻ ടൂറിസം പദ്ധതി എന്നീ പദ്ധതികൾ ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ അടുത്ത 30 വർഷത്തെ ടൂറിസം വികസനം മുന്നിൽ കണ്ടുകൊണ്ട് കമരകം, ഫോർട്ട് കൊച്ചി, കോവളം-പൂവാർ, തേക്കടി എന്നീ ടൂറിസം കേന്ദ്രങ്ങൾക്കായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഗോൾഡൻ വാലി, കാലടി-മലയാറ്റൂർ, ആതിരപ്പള്ളി ടൂറിസം സർക്യൂട്ട്, അഷ്ടമുടി ബാക്ക് വാട്ടർ, കക്കയം പെരുവണ്ണാമുഴി, നിലമ്പൂർ എന്നിവയുടെ സമഗ്ര വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ടൂറിസം വകുപ്പ് കിറ്റ്സ് മുഖാന്തിരം നടപ്പാക്കിവരുന്ന ഉത്തരവാദിത്ത ടൂറിസം കേരളത്തിലെ ഗ്രാമങ്ങളിൽ വിനോദസഞ്ചാരത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന് വളരെയധികം സഹായകരമാണ്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പ്രോഗ്രാമുകൾ സഞ്ചാരികൾക്ക് ഗ്രാമങ്ങളെ അടുത്തറിയുവാൻ സഹായിക്കുന്നവയാണ്.

ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെ നിർമ്മാണം

275 (3712) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വെസ്റ്റ് ഹില്ലിൽ ഉള്ള ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) സമയബന്ധിതമായി ഈ കെട്ടിടത്തിന്റെ പ്രവർത്തനം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിനു വേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി അവസാന ഘട്ടത്തിലാണ്. നിർമ്മാണ പുരോഗതി ശതമാനക്കണക്കിൽ താഴെ പറയും പ്രകാരമാണ്. സിവിൽ വർക്ക്സ് (RCC, PCC, Plastering, etc)-90% ഉം ഫ്ലോറിംഗ് 60% ഉം പ്ലംബിംഗ്-25% ഉം ഇലക്ട്രിക്കൽ - എൽ.ടി.വർക്ക്സ്- 80% ഉം പ്രൈമർ പെയിന്റിംഗ് -50% ഉം വരെ ആയിട്ടുണ്ട്. ഗിൽ വർക്ക്, ഫാൾസ് സീലിംഗ്, വാട്ടർ പ്രൂഫിംഗ്, ഇലക്ട്രിക്കൽ-എച്ച്.ടി.വർക്ക്സ്, ഫയർ ഫൈറ്റിംഗ് എന്നിവ ആരംഭിക്കുന്നതേയുള്ളൂ.

(ബി) ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പിൽനിന്നും ടൂറിസം വകുപ്പിന് കൈമാറിയ ഭൂമി ചില സാങ്കേതിക കാരണങ്ങളാൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റിക്ക് കൈമാറുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ കേന്ദ്ര സർക്കാർ വിഹിതമായ പത്ത് കോടി രൂപയിൽ ആറു കോടി രൂപ ലഭിച്ചിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് കെട്ടിടനിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാതെ വന്നത്.

വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം

276 (3713) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. കെ. എം. ഷാജി :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളുടെ സുരക്ഷക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ;

(ബി) ടൂറിസ്റ്റ് പോലീസ് സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ; അതിന്റെ സേവനം തൃപ്തികരമാണോ എന്നും, ഇല്ലെങ്കിൽ പരിഹാരനടപടികൾ സ്വീകരിക്കുമോ യെന്നും അറിയിക്കുമോ ;

(സി) പകർച്ചപ്പനി പോലുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച ഭീതി വിനോദ സഞ്ചാരികളെ പിന്തിരിപ്പിക്കുന്നതിന് കാരണമാവുന്ന സാഹചര്യത്തിൽ സുരക്ഷിത വിനോദസഞ്ചാരം ഉറപ്പുവരുത്തുന്നതിനും അതു സംബന്ധിച്ച് പ്രചാരണം നടത്തുന്നതിനുമുള്ള സംവിധാനമൊരുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly